**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത** | **31.01.2014 ൽ** |
| **ചോദ്യം നം.4019** | **മറുപടിയ്ക്ക്** |

## യുവജനങ്ങളുടെ കർമ്മശേഷി വികസന പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. റ്റി.എ. അഹമ്മദ് കബീർ:**<br>**ശ്രീ. സി.മമ്മൂട്ടി:**<br>**ശ്രീ. എൻ.എ. നെല്ലിക്കുന്ന് :**<br>**ശ്രീ. പി. ഉബൈദുള്ള :** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും**<br>**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) യുവജനങ്ങളുടെ കർമ്മശേഷി വികസന മേഖലയിൽ ഉപയോഗപ്പെടുത്താൻ എന്തൊക്കെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) യുവജനങ്ങളുടെ കർമ്മശേഷി വികസന മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനായി വിവിധങ്ങളായ പദ്ധതികൾ യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നു. എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ കർമ്മശേഷി വിനിയോഗിച്ചുകൊണ്ട് 'പുനർജനി' എന്ന പദ്ധതി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ സർവ്വീസ് സ്കീമിന്റെ (Tech Cell) സഹകരണത്തോടെ കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത നാല്പതോളം സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇവ കൂടാതെ കാർഷിക രംഗത്തേയ്ക്ക് യുവാക്കളുടെ കർമ്മശേഷി പ്രായോഗികമാക്കുന്നതിനായി കാർഷിക സാക്ഷരത, രക്തദാന മഹത്വത്തെകുറിച്ച് യുവാക്കളെ ബോധവാൻമാരാക്കുവാൻ ജീവദായിനി, യുവസംരംഭകത്വം തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ ബോർഡ് നടപ്പിലാക്കി വരുന്നു. |
| (ബി) ആയുർദൈർഘ്യം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ വൃദ്ധജനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധന മൂലമുള്ള പ്രശ്നങ്ങൾ നേരിടാനും,കുടുംബ,സമൂഹ സമാധാനവും. ക്ഷേമവും നിലനിറുത്താനും യുവജനങ്ങളെ സജ്ജരാക്കുന്നതിന് ഉതകുന്ന പദ്ധതികളെന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ ; | (ബി) നിലവിൽ അത്തരം പദ്ധതികൾ ഇല്ല. |

| | |
|---|---|
| (സി) യുവജനങ്ങൾക്കിടയിലെ മദ്യ പാനാസക്തിക്കെതിരെ അവബോധം ഉണർത്താനുള്ള പദ്ധതി കൂടി ആവിഷ്കരിക്കുമോ ? | (സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ 14 ജില്ലകളിലും 5 ദിവസം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ കലാജാഥകളും, ലഹരിയുടെ ദൂഷ്യവശങ്ങൾക്കെതിരെ യുവജനക്ഷേമ ബോർഡ് 'മിസ് ഫിറ്റ്' എന്ന സിനിമയുടെ പ്രദർശനങ്ങളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനെതിരെ ലഘുലേഖകളും വിതരണം ചെയ്യുന്നു. 2014 ജനുവരി 2 മുതൽ ഫെബ്രുവരി 11 വരെയാണ് പ്രസ്തുത പരിപാടികൾ നടക്കുന്നത്. 84 ലക്ഷം രൂപ ചെലവാക്കിയാണ് ഈ ലഹരിവിരുദ്ധ കലാജാഥ ബോർഡ് സംഘടിപ്പിച്ചിരിക്കുന്നത്. |

യുവജനങ്ങളുടെ ശാക്തീകരണവും അവകാശ സംരക്ഷണവും ഉറപ്പുവരുത്തുവാൻ അർദ്ധ ജുഡീഷ്യൽ അധികാരത്തോടെ രൂപീകരിച്ച കേരള സംസ്ഥാന യൂത്ത് കമ്മീഷൻ മദ്യം മയക്കുമരുന്ന് വിപത്തുകൾക്കെതിരെ താഴെപ്പറയുന്ന നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

1. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം മദ്യ - മയക്കുമരുന്ന് വിപണനവും ഉപയോഗവും കർശനമായി നിയന്ത്രിക്കുന്നതിനായി സത്വര നടപടി സ്വീകരിക്കണം.
2. കലാലയങ്ങളുടെ സമീപം "മദ്യ - **മയക്കമരുന്ന് - ഉപയോഗം യുവതലമുറയെ നാശത്തിലേക്ക് നയിക്കും ആരോഗ്യത്തിന് ഹാനികരമായ ഇവ ഉപേക്ഷിക്കുക, ഇവയ്ക്കെതിരെ പോരാടുക** "എന്ന വലിയ അക്ഷരത്തിലുള്ള ബോർഡുകൾ പ്രധാനസ്ഥലങ്ങളിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണം.
3. മേൽ പരാമർശിച്ച വസ്തുതകളിൽ നടപടി സ്വീകരിക്കുവാൻ അധികാരമുള്ള പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി, അവരുടെ വിവരവും ഫോൺ നമ്പരും ബോർഡിൽ രേഖപ്പെടുത്തുവാൻ നടപടി സ്വീകരിക്കണം.

പ്രസ്തുത ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും ഇവ നടപ്പിലാക്കുന്നതിനായി പൊതു വിദ്യാഭ്യാസം/ ഉന്നത വിദ്യാഭ്യാസം / നികുതി / ആഭ്യന്തര വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ